● എ.ആർ

# ആത്മഹത്യക്കില്ല, പ്രബോധനം മതി

**കൊല്ലത്ത് സംഘടന വിട്ട് സലഫീ സംഘടനയിലെത്തിയ മാന്യനെ കൈയേറ്റം ചെയ്തതും ചേന്ദമംഗല്ലൂരിൽ മുസ്‌ലിംലീഗ് പ്രവർത്തകരെ ഭീകരമായി മർദിച്ചതും ഏറ്റവും ഒടുവിൽ *തേജസ്* ദിനപത്രത്തിന്റെ സുഊദി അറേബ്യയിലെ വിതരണം തടസ്സപ്പെടുത്തുന്നു എന്നു തോന്നിയ മലയാളിയായ ഉദ്യോഗസ്ഥന്റെ മടക്കയാത്ര മുടക്കാൻ നെടുമ്പാശ്ശേരിയിൽ നടന്ന സംഘടിത കൈയേറ്റവും പാസ്പോർട്ട് അപഹരണവുമെല്ലാം പ്രതിരോധ തീവ്രവാദത്തിന്റെ പുതിയ മുഖമാണ് അനാവരണം ചെയ്യുന്നത്. യുക്തിശൂന്യവും വിനാശകരവുമായ ഈ പോക്കിന് ജിഹാദിന്റെ പരിവേഷം നൽകാനും, ആ ജിഹാദാണ് പ്രബോധനമല്ല കാലഘട്ടത്തിന്റെ ആവശ്യമെന്ന് കുഞ്ഞാടുകളെ ബോധ്യപ്പെടുത്താനുമാണ് മുസ്‌ലിം സംഘടനകളുടെ പ്രബോധന പ്രവർത്തനങ്ങളെ മുഴുക്കെ കൊച്ചാക്കിക്കൊണ്ടുള്ള പുറപ്പാട്. ആ ശ്രമം പക്ഷേ തീർത്തും പാളിപ്പോയിരിക്കുന്നു**

**ജഗന്നിയന്താവും** കരുണാവാരിധിയുമായ അല്ലാഹു മനുഷ്യോൽപത്തി മുതൽ അനുസ്യൂതമായി തന്റെ ദൂതന്മാരെയും പ്രവാചകന്മാരെയും നിയോഗിച്ചുകൊണ്ടേയിരുന്നുവെന്നും വർണ, വംശ, ദേശ, ഭാഷ, ഗോത്ര, സ്ത്രീ, പുരുഷ ഭേദം കൂടാതെ തന്റെ അടിമകളെ സന്മാർഗത്തിലേക്ക് ക്ഷണിക്കുകയും ദുർമാർഗങ്ങളിൽനിന്ന് പിന്തിരിപ്പിക്കുകയുമായിരുന്നു പ്രവാചക ദൗത്യമെന്നും മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവരാണ് മുസ്‌ലിംകൾ. പ്രവാചകന്മാർ ആഗതരാവാത്ത ഇടവേളകളിൽ ആദർശ പ്രതിബദ്ധതയുള്ള ശിഷ്യന്മാരും അനുചരന്മാരുമാണ് സത്യപ്രബോധനദൗത്യം നിറവേറ്റിവന്നതെന്നതും അനിഷേധ്യ ചരിത്രസത്യമാണ്. പ്രവാചക പരമ്പരക്ക് അന്ത്യംകുറിച്ചുകൊണ്ട് അല്ലാഹു മുഹമ്മദ് നബി(സ)യെ നിയോഗിച്ചപ്പോൾ ആ മഹാത്മാവിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞതിങ്ങനെ:

"പ്രവാചകരേ, നിശ്ചയമായും താങ്കളെ സത്യസാക്ഷിയും സുവിശേഷമറിയിക്കുന്നവനും മുന്നറിയിപ്പുകാരനും അല്ലാഹുവിന്റെ അനുമതിയോടെ അവന്റെ മാർഗത്തിലേക്കുള്ള പ്രബോധകനും പ്രകാശം പരത്തുന്ന ദീപവുമായാണ് നാം അയച്ചിരിക്കുന്നത്" (*അൽഅഹ്സാബ്* 45,46). "മുഴുവൻ ജനങ്ങൾക്കും സുവിശേഷമറിയിക്കുന്നവനും മുന്നറിയിപ്പുകാരനുമായല്ലാതെ നാം നിന്നെ അയച്ചിട്ടില്ല" (*സബഅ്* 28). "പറയുക: ജനങ്ങളേ തീർച്ചയായും ഞാൻ നിങ്ങൾ എല്ലാവരിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു" (*അൽഅഅ്റാഫ്* 158).

ഇപ്രകാരം മുഴുവൻ മനുഷ്യർക്കും അഖില ലോകത്തിനും അനുഗ്രഹവും പ്രബോധകനും സന്മാർഗദർശിയുമായി അല്ലാഹു നിയോഗിച്ച മുഹമ്മദ് നബിയോട് കൂടി പ്രവാചക പരമ്പര അവസാനിച്ചതായി സൂറഃ *അൽഅഹ്സാബി*(40)ൽ വിശുദ്ധ ഖുർആൻ സംശയാതീതമായി വ്യക്തമാക്കിയിരിക്കെ, കേവലം ഇരുപത്തിമൂന്ന് വർഷം നീണ്ട ദൗത്യത്തിലൂടെ അറേബ്യയെ മാത്രം നേർവഴിക്ക് നയിച്ച് ലോകത്തോട് വിടപറഞ്ഞ പ്രവാചകനു ശേഷം രണ്ടിലൊരു സാധ്യതയേ അവശേഷിച്ചിരുന്നുള്ളൂ. തിരുമേനിയെ തുടർന്ന് കാലാകാലങ്ങളിൽ ലോകത്തുണ്ടായ ജനകോടികൾക്ക് സന്മാർഗമോ സത്യസരണിയോ ആവശ്യമില്ല, അവരൊക്കെ തോന്നിയപോലെ ജീവിച്ചുമരിച്ച് സ്വർഗപ്രവേശം നിഷേധിക്കപ്പെട്ട് കഴിയട്ടെ എന്ന് പരമകാരുണികനായ ദൈവം തീരുമാനിച്ചു എന്നതാണൊന്ന്. അങ്ങനെയൊരു സാധ്യത തീർത്തും നിരാകരിക്കാൻ അപ

**പ്രബോധനം മുസ്‌ലിമിന്റെ പ്രഥമ ബാധ്യതയാണെന്ന കാര്യത്തിൽ അക്കാദമിക ചർച്ചകൾക്കോ തർക്കവിതർക്കങ്ങൾക്കോ പ്രസക്തിയേ ഇല്ല. നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ അനുഷ്ഠാനങ്ങളെ പോലെയോ അതിൽ കൂടുതലോ ആയ പ്രാധാന്യം പ്രബോധനത്തിനുണ്ട്. പ്രബോധനം വിജയിക്കാതെ ആരും ഇബാദത്തുകളിലെത്തില്ലല്ലോ. ഖുർആനിൽ സന്ദേശമെത്തിക്കുന്നത് സംബന്ധിച്ച മൂന്നോ നാലോ സൂക്തങ്ങളിൽ ഒതുങ്ങുന്നതല്ല പ്രബോധന കർത്തവ്യത്തെക്കുറിച്ച പരാമർശം. അന്ത്യപ്രവാചകരുടെ അന്ത്യപ്രസംഗത്തിലെ ആഹ്വാനം കേവലം ഐച്ഛികവുമല്ല. തെളിവുകൾ എത്ര വേണമെങ്കിലുമുണ്ട് ഖുർആനിലും സുന്നത്തിലും.**

രിമേയമായ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഉടമയായ അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരാൾക്കും രണ്ടുവട്ടം ആലോചിക്കേണ്ടതില്ല. ബാക്കി നിൽക്കുന്നത് ഒരേയൊരു സാധ്യതയാണ്. മനുഷ്യ നാഗരികതയുടെ വളർച്ച നിർണായകഘട്ടത്തിൽ എത്തിനിൽക്കുന്ന ചരിത്രസന്ദർഭത്തിൽ സമസ്ത ലോകത്തേക്കുമായി നിയുക്തനായ മുഹമ്മദ് നബി(സ)യോടെ പ്രവാചക പരമ്പര അവസാനിപ്പിച്ചത് പൂർണമായും ശരിയും യുക്തിഭദ്രവുമായിരിക്കെ പ്രവാചകദൗത്യം വിശ്വാസികളുടെ തലമുറകൾക്ക് കൈമാറുക. ഇതാണ് ഫലത്തിൽ സംഭവിച്ചതെന്നതിന് ചരിത്രം മാത്രമല്ല വർത്തമാനകാല യാഥാർഥ്യങ്ങളും സാക്ഷിയാണ്. യുഗാന്തരങ്ങളിലൂടെ അറബികളും പേർഷ്യക്കാരും ആഫ്രിക്കക്കാരും യൂറോപ്യരും ഇന്ത്യക്കാരും ചൈനക്കാരുമൊക്കെയായി ജനകോടികൾ ഇസ്‌ലാമിലേക്ക് വന്നതും മുസ്‌ലിംകളായതും മക്കാ-മദീന ബെൽറ്റിലെ കുറച്ചു ഗോത്രവർഗക്കാർ പെറ്റുപെരുകിയിട്ടല്ലെന്നുറപ്പ്. പിന്നെ എങ്ങനെയെന്ന് പ്രഗത്ഭ ഗ്രന്ഥകാരൻ സർ തോമസ് ആർണോൾഡിന്റെ 'ദ പ്രീച്ചിംഗ് ഓഫ് ഇസ്‌ലാം' (ഇസ്‌ലാം പ്രബോധനവും പ്രചാരവും) എന്ന ബൃഹത് കൃതി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയ മാന്യദേഹത്തെ ഓർമിപ്പിക്കേണ്ടിവന്നാൽ അതിനേക്കാൾ വലിയ ദുര്യോഗമുണ്ടോ?

എന്തു ചെയ്യാം, അത്തരം ചില ഗതികേടുകളിലേക്ക് ചരിത്രം നമ്മെ ചെന്നെത്തിക്കുന്നു. എൻ.ഡി.എഫിന്റെ താത്വികാചാര്യനും മസ്തിഷ്കവുമായ കലീം സംഘടനയുടെ മുഖപത്രത്തിൽ എഴുതിയതിങ്ങനെ:

"പ്രബോധനം മുസ്‌ലിമിന്റെ പ്രഥമ ബാധ്യതയാണോ എന്ന അക്കാദമിക തലത്തിൽ ഒരു ചർച്ചക്കിവിടെ പ്രസക്തിയില്ല. എന്നാലും ഖുർആനിൽ നമസ്കാരം, നിർബന്ധ ദാനം എന്നിവക്കോ വാളോ പേനയോ ഉപയോഗിച്ചു നടത്തുന്ന സമരമോ വയലേലകളിലെ കഠിനാധ്വാനമോ ഏതുമാകട്ടെ, ജിഹാദിനോ നൽകുന്ന പ്രാധാന്യം പ്രബോധനത്തിനില്ല. ഖുർആനിൽ സന്ദേശമെത്തിക്കുന്നത് സംബന്ധിച്ച് വന്നിരിക്കുന്ന മൂന്നോ നാലോ സൂക്തങ്ങൾ നേർക്കുനേരെയുള്ളതല്ല. അവസാന ഹജ്ജിൽ പ്രവാചകൻ നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ ഒരു ഭാഗത്ത്, ഹാജരായിട്ടുള്ളവർ ഹാജരില്ലാത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ എന്ന നിർദേശം തന്നെ പ്രബോധനം നിർബന്ധ ബാധ്യതയാണെന്ന് സൂചിപ്പിക്കുന്നില്ല" (പ്രബോധനമല്ല; ആത്മവഞ്ചന- കലീം, *തേജസ്* ദ്വൈവാരിക 2008 ഏപ്രിൽ 1-16, പുസ്തകം 12 ലക്കം 7).

ഉപര്യുക്ത വരികളിലെ അപകടകരവും വിനാശകരവുമായ ചിന്തയുടെ ബാലിശതയിലേക്ക് കടക്കുന്നതിനു മുമ്പ് കലീമിനെപ്പോലുള്ള ഒരു ബുദ്ധിജീവി ഇത്രത്തോളം ലാഘവ ബുദ്ധിയോടെ ഇസ്‌ലാമിക പ്രബോധനത്തെ ചുരുക്കിക്കെട്ടാൻ നിർബന്ധിതനായതെന്തുകൊണ്ട് എന്ന ആലോചന നടത്താതെ വയ്യ. ഇന്ത്യയിലെ ശക്തിപ്രാപിച്ചുവരുന്ന വർഗീയ ഫാഷിസ്റ്റ് ഭീഷണിയെ ആശയപരമായും രാഷ്ട്രീയമായും നേരിട്ടാൽ പോരാ, തുല്യ നാണയത്തിൽ സായുധമായിത്തന്നെ സംഘടിച്ച് തിരിച്ചടിച്ചേ പറ്റൂ എന്ന ആത്യന്തിക ചിന്തയിൽനിന്നാണ് കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾക്കുള്ളിൽ നാഷനൽ ഡവലപ്മെന്റ് ഫ്രണ്ട് എന്ന എൻ.ഡി.എഫിന്റെ പിറവി. അതിന്റെ ഉപജ്ഞാതാക്കൾ പക്ഷേ തുടക്കത്തിൽ വിവിധ മത, സാംസ്കാരിക, രാഷ്ട്രീയ സംഘടനകളിൽ പ്രവർത്തിക്കുന്ന മുസ്‌ലിം യുവാക്കളെ തങ്ങളുടെ സംഘടനകളിൽതന്നെ തുടരാൻ വിട്ട് പ്രതിരോധ പ്രവർത്തനങ്ങളിൽ മാത്രം അവരെ പങ്കാളികളാക്കിയാൽ മതി എന്ന തീരുമാനത്തിലായിരുന്നു. പരിശീലനവും പ്രായോഗിക പരീക്ഷണങ്ങളും ഓപറേഷനുകളും മുറുകിയപ്പോൾ മുസ്‌ലിം സംഘടനകൾ കണ്ണുതുറന്നു. സ്വന്തം അണികൾ വിവേകരഹിതമായി തീവ്ര ജിഹാദിന്റെ വക്താക്കളും പ്രയോക്താക്കളും ആയിക്കൊണ്ടിരിക്കുന്നതിലെ അപകടം ഒരുവശത്ത്; മുസ്‌ലിം സമുദായം മൊത്തമായിത്തന്നെ തീവ്രവാദത്തെയും ഭീകരവാദത്തെയും പ്രോത്സാഹിപ്പിക്കുകയാണെന്ന പ്രചണ്ഡമായ പ്രചാരണം മറുവശത്തും. വൈകിയെങ്കിലും ഇത് തിരിച്ചറിഞ്ഞ മതസംഘടനകളും പണ്ഡിതന്മാരും എന്താണ് ജിഹാദെന്നും പാർലമെന്ററി ജനാധിപത്യം പുലരുന്ന ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ജിഹാദിന്റെ രൂപവും ശൈലിയും എന്താണെന്നും സമുദായ യുവാക്കളെ ബോധവത്കരിക്കാൻ തുടങ്ങി. മുസ്‌ലിം ലീഗ് അണികൾക്ക് ദ്വയാംഗത്വം പൂർണമായി വിലക്കി. ജമാഅത്തെ ഇസ്‌ലാമിയാകട്ടെ പുത്തൻ ജിഹാദിന്റെ ദാർശനികമായ പാപ്പരത്തത്തെയും തീവ്രവാദ നിലപാടുകളുടെ പ്രമാണവിരുദ്ധ മാനങ്ങളെയും പ്രയോഗതലത്തിൽ അത് പ്രബോധനരംഗത്ത് സൃഷ്ടിക്കുന്ന തടസ്സങ്ങളെയും കുറിച്ച് നേരത്തേതന്നെ അണികളെ ശക്തമായി ബോധവത്കരിച്ചിരുന്നു. അതിനാൽ അണികളിൽനിന്നുള്ള ചോർച്ച ഫലപ്രദമായി തടയാൻ പ്രസ്ഥാനത്തിന് യഥാസമയം സാധിച്ചു. ഈ ഘട്ടത്തിലാണ് കാക്കക്കൂട്ടിൽ മുട്ടയിടുന്ന തന്ത്രം അനന്തമായി തുടരാനാവില്ലെന്ന് കുയിലിന് തിരിച്ചറിയേണ്ടിവന്നത്. എൻ.ഡി.എഫിന് സ്വന്തമായ മത, രാഷ്ട്രീയ നിലപാടുകളും വിദ്യാർഥി, സ്ത്രീജന പോഷക സംഘടനകളും പോപ്പുലർ ഫ്രണ്ടിന്റെ ബാനറിൽ അഖിലേന്ത്യാ സ്വഭാവവും സ്വന്തമായി മലയാള ദിനപത്രവുമുള്ള പൂർണവും വ്യതിരിക്തവുമായ കൂട്ടായ്മയായി രൂപാന്തരപ്പെടേണ്ടിവന്നു. മുസ്‌ലിം സംഘടനകളോടുള്ള മൃദു സമീപനം തിരുത്തി ഏറ്റുമുട്ടലിന്റെ മാർഗം സ്വീകരിക്കാനും സംഘടന നിർബന്ധിതമായി. പ്രബോധനത്തെയും ജിഹാദിനെയും അടിസ്ഥാനമാക്കി ജമാഅത്തെ ഇസ്‌ലാമിയുമായി മുമ്പേ ആരംഭിച്ച വിവാദം പിന്നീട് പത്രപ്രസിദ്ധീകരണങ്ങളിലൂടെയും ഇമാം കൗൺസിൽ വേദികളിലൂടെയും തുറന്ന ആക്രമണം തന്നെയായി. മദീനാ പള്ളി മുതൽ ഓർക്കിഡ് വരെ കിട്ടുന്ന ഏതു വടികൊണ്ടും ജമാഅത്തിനെ എതിർക്കുന്നത് പതിവ് ശൈലിയായി. മറ്റൊരുവശത്ത് മുഖ്യശത്രു ഹിന്ദു

ത്വവാദികൾ എന്ന സമവാക്യം പ്രയോഗതലത്തിൽ തിരുത്തി എൻ.ഡി.എഫിന്റെ സംഘടനാ താൽപര്യങ്ങൾക്ക് ദ്രോഹകരമെന്ന് തോന്നുന്ന ആരെയും കായികമായിത്തന്നെ നേരിടുന്ന വഴക്കവും ആരംഭിച്ചു. കൊല്ലത്ത് സംഘടന വിട്ട് സലഫീ സംഘടനയിലെത്തിയ മാന്യനെ കൈയേറ്റം ചെയ്തതും ചേന്ദമംഗല്ലൂരിൽ മുസ്‌ലിംലീഗ് പ്രവർത്തകരെ ഭീകരമായി മർദിച്ചതും ഏറ്റവും ഒടുവിൽ *തേജസ്* ദിനപത്രത്തിന്റെ സുഊദി അറേബ്യയിലെ വിതരണം തടസ്സപ്പെടുത്തുന്നു എന്നു തോന്നിയ മലയാളിയായ ഉദ്യോഗസ്ഥന്റെ മടക്കയാത്ര മുടക്കാൻ നെടുമ്പാശ്ശേരിയിൽ നടന്ന സംഘടിത കൈയേറ്റവും പാസ്പോർട്ട് അപഹരണവുമെല്ലാം പ്രതിരോധ തീവ്രവാദത്തിന്റെ പുതിയ മുഖമാണ് അനാവരണം ചെയ്യുന്നത്. യുക്തിശൂന്യവും വിനാശകരവുമായ ഈ പോക്കിന് ജിഹാദിന്റെ പരിവേഷം നൽകാനും, ആ ജിഹാദാണ് പ്രബോധനമല്ല കാലഘട്ടത്തിന്റെ ആവശ്യമെന്ന് കുഞ്ഞാടുകളെ ബോധ്യപ്പെടുത്താനുമാണ് മുസ്‌ലിം സംഘടനകളുടെ പ്രബോധന പ്രവർത്തനങ്ങളെ മുഴുക്കെ കൊച്ചാക്കിക്കൊണ്ടുള്ള പുറപ്പാട്. ആ ശ്രമം പക്ഷേ തീർത്തും പാളിപ്പോയിരിക്കുന്നു എന്ന് ചൂണ്ടിക്കാട്ടാതെ വയ്യ.

പ്രബോധനം മുസ്‌ലിമിന്റെ പ്രഥമ ബാധ്യതയാണെന്ന കാര്യത്തിൽ അക്കാദമിക ചർച്ചകൾക്കോ തർക്കവിതർക്കങ്ങൾക്കോ പ്രസക്തിയേ ഇല്ല. നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ അനുഷ്ഠാനങ്ങളെ പോലെയോ അതിൽ കൂടുതലോ ആയ പ്രാധാന്യം പ്രബോധനത്തിനുണ്ട്. പ്രബോധനം വിജയിക്കാതെ ആരും ഇബാദത്തുകളിലെത്തില്ലല്ലോ. ഖുർആനിൽ സന്ദേശമെത്തിക്കുന്നത് സംബന്ധിച്ച മൂന്നോ നാലോ സൂക്തങ്ങളിൽ ഒതുങ്ങുന്നതല്ല പ്രബോധന കർത്തവ്യത്തെക്കുറിച്ച പരാമർശം. അന്ത്യപ്രവാചകരുടെ അന്ത്യപ്രസംഗത്തിലെ ആഹ്വാനം കേവലം ഐഛികവുമല്ല. തെളിവുകൾ എത്ര വേണമെങ്കിലുമുണ്ട് ഖുർആനിലും സുന്നത്തിലും. വളരെ ശക്തമായ ചിലതു മാത്രം ചുവടെ:

"നന്മയിലേക്ക് ക്ഷണിക്കുകയും നല്ലത് കൽപിക്കുകയും ചീത്ത വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങൾ മുഖേന ഉണ്ടാവട്ടെ" (*ആലുഇംറാൻ* 104).

"ജനങ്ങൾക്ക് വേണ്ടി നിയോഗിക്കപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ നല്ലത് കൽപിക്കുകയും ചീത്ത തടയുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു" (*ആലുഇംറാൻ* 110).

"അപ്രകാരം നാം നിങ്ങളെ ഒരു മാതൃകാ സമുദായമാക്കിയിരിക്കുന്നു; നിങ്ങൾ ജനങ്ങൾക്ക് സത്യത്തിനു സാക്ഷികളായിരിക്കാനും പ്രവാചകൻ നിങ്ങൾക്ക് സാക്ഷിയായിരിക്കാനും വേണ്ടി" (*അൽബഖറ* 143).

"വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി സത്യസാക്ഷികളായിക്കൊണ്ട് നീതി സംസ്ഥാപിക്കുന്നവരാകുവിൻ" (*അന്നിസാഅ്* 135).

"നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ധർമസമരത്തിന്റെ മുറപ്രകാരം പോരാടുവിൻ. അവനാണ് നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നത്. ദീനിൽ ഒരു ക്ലേശവും അവൻ നിങ്ങൾക്ക് ഉണ്ടാക്കിവെച്ചിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മാർഗമാകുന്നു ഇത്. മുമ്പും ഈ ഗ്രന്ഥത്തിലും നിങ്ങളെ മുസ്‌ലിംകളെന്ന് പേരിട്ടിരിക്കുന്നത് അവനത്രെ. പ്രവാചകൻ നിങ്ങൾക്കും നിങ്ങൾ ജനങ്ങൾക്കും സാക്ഷികളായിരിക്കാൻ വേണ്ടി" (*അൽഹജ്ജ്* 78).

"അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും താൻ നിശ്ചയമായും മുസ്‌ലിംകളിൽ പെട്ടവനാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തവനേക്കാൾ ഉത്കൃഷ്ടമായ വചനം ആരുടേതാണ്!" (*ഫുസ്സിലത്ത്* 33).

**പ്രബോധനമില്ലാത്ത ജിഹാദോ ജിഹാദില്ലാത്ത പ്രബോധനമോ ഇല്ല. അങ്ങനെയാണ് അറേബ്യയും സിറിയൻ നാടുകളും ഇറാഖും ഇറാനും ഈജിപ്തും ഇസ്‌ലാമിലേക്ക് വന്നത്; പിൻഗാമികളായ പ്രബോധകർ കിഴക്ക് ഇന്ത്യയിലും ചൈനയിലും മലായിലും ഇന്തോനേഷ്യയിലും പടിഞ്ഞാറ് തുർക്കിയിലും യൂഗോസ്ലാവ്യയിലും സ്പെയിനിലും സന്മാർഗസന്ദേശം പ്രചരിപ്പിച്ചത്. പ്രബോധനത്തിന്റെ മൗലിക പ്രാധാന്യം വിസ്മരിച്ചതാണ് ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം സമൂഹം കേവലം പിന്നാക്ക പീഡിത സമുദായമായി പിന്തള്ളപ്പെടാൻ കാരണം. വീണ്ടെടുപ്പിന്റെ വഴി വാളിന്റേതും തോക്കിന്റേതും ബോംബിന്റേതും അല്ല; സഹിഷ്ണുതാപരവും സമാധാന പൂർണവും ഗുണകാംക്ഷാപരവുമായ പ്രബോധനത്തിന്റേതാണ്.**

"നിന്റെ നാഥന്റെ മാർഗത്തിലേക്ക് യുക്തിയോടും സദുപദേശം വഴിയും പ്രബോധനം ചെയ്യുക; ഏറ്റവും ഉത്തമമായ ശൈലിയിൽ അവരോട് സംവദിക്കുകയും ചെയ്യുക" (*അന്നഹ്ൽ* 125).

മഹാന്മാരായ പ്രവാചകന്മാരുടെ പ്രബോധനവുമായി ബന്ധപ്പെട്ട *ആലുഇംറാൻ* 64, *നൂഹ്* 5,7,8, *യൂസുഫ്* 108, *ഗാഫിർ* 41, *അൽഹജ്ജ്* 67, *അൽഖസ്വസ്* 87, *അശ്ശൂറാ* 15 തുടങ്ങിയ സൂക്തങ്ങളും ഇതോട് ചേർത്തുവായിക്കണം. പ്രവാചകന്മാർ ഏതുപോലെ സത്യപ്രബോധന ചുമതല നിറവേറ്റി വിചാരണനാളിൽ തങ്ങളുടെ ജനസമൂഹങ്ങൾക്ക് മുമ്പാകെ സാക്ഷികളായിവരുമോ തീർത്തും അതുപോലെ സമകാലിക സമൂഹങ്ങൾക്ക് അല്ലാഹുവിന്റെ സന്ദേശമെത്തിച്ച് ദൈവസന്നിധിയിൽ സാക്ഷികളാവേണ്ടവരാണ് മുസ്‌ലിംകൾ. സത്യത്തിലേക്ക് മനുഷ്യസമൂഹത്തെ ക്ഷണിക്കാനും നന്മ കൽപിക്കാനും തിന്മ തടയാനും അവർ ചുമതലപ്പെട്ടിരിക്കുന്നു. ഈ ചുമതല ബോധപൂർവം നിറവേറ്റാത്ത ഏതു മുസ്‌ലിമും അല്ലാഹുവിന്റെ മുന്നിൽ ഉത്തരം പറഞ്ഞേ തീരൂ. സത്യപ്രബോധനം രണ്ടാംകിട ബാധ്യതയോ ഐഛിക പുണ്യകർമമോ അല്ല.

അബുൽ അബ്ബാസ് സഹ്‌ലുബ്നു സഅ്ദ് (റ) ഉദ്ധരിക്കുന്ന ഖൈബർ യുദ്ധം സംബന്ധിച്ച ഹദീസിൽനിന്ന്: പതാക നബി(സ) അലി(റ)യെ ഏൽപിച്ചപ്പോൾ അദ്ദേഹം ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, അവർ നമ്മെ പോലെ ആവുന്നതു വരെയാണോ ഞാനവരോട് യുദ്ധം ചെയ്യേണ്ടത്?" തിരുമേനി പറഞ്ഞു: "അവരുടെ അങ്കണത്തിലെത്തുന്നതുവരെ താങ്കൾ നടകൊള്ളുക. പിന്നെ അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക. അല്ലാഹുവിനോടുള്ള കടപ്പാട് എന്തെന്ന് അവരെ ധരിപ്പിക്കുക. അല്ലാഹുവിൽ സത്യം, ഒരേയൊരുവൻ നീ മുഖേന സന്മാർഗം പ്രാപിക്കുന്നതാണ് ചുവന്ന ഒട്ടകക്കൂട്ടം ഒന്നായി നിനക്ക് ലഭിക്കുന്നതിനേക്കാൾ ഉത്തമം" (ബുഖാരി, മുസ്‌ലിം).

നബി(സ) അരുൾ ചെയ്തതായി ഹുദൈഫ(റ) പറയുന്നു: "എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനെക്കൊണ്ട് സത്യം. നിങ്ങൾ നന്മ കൽപിച്ചേ തീരൂ. തിന്മ വിലക്കിയേ തീരൂ. അല്ലെങ്കിൽ അല്ലാഹു തന്റെ ശിക്ഷ നിങ്ങൾക്കു നേരെ അയക്കും. അന്നേരം നിങ്ങൾ അവനോട് പ്രാർഥിക്കും. പക്ഷേ നിങ്ങൾക്ക് ഉത്തരം ലഭിക്കില്ല" (തിർമിദി).

പ്രബോധന ചുമതലയുടെ ഗൗരവവും അതിൽനിന്ന് വിമുഖരായാലുള്ള ശിക്ഷയും വേണ്ടതുപോലെ മനസ്സിലാക്കിയതുകൊണ്ടുതന്നെയാണ് പ്രവാചകശിഷ്യന്മാർ നബിയുടെ വിടവാങ്ങൽ പ്രസംഗത്തിന്റെ ആത്മാവ് ഉൾക്കൊണ്ട് ദൗത്യനിർവഹണത്തിന് ഇറങ്ങിപ്പുറപ്പെട്ടത്. പ്രബോധനദൗത്യം സഫലമാക്കാനുള്ള യത്നത്തിന്റെ പേരായിരുന്നു അവരുടെ കണ്ണിൽ ജിഹാദ്. പ്രബോധനമില്ലാത്ത ജിഹാദോ ജിഹാദില്ലാത്ത പ്രബോധനമോ ഇല്ല. അങ്ങനെയാണ് അറേബ്യയും സിറിയൻ നാടുകളും ഇറാഖും ഇറാനും ഈജിപ്തും ഇസ്‌ലാമിലേക്ക് വന്നത്; പിൻഗാമികളായ പ്രബോധകർ കിഴക്ക് ഇന്ത്യയിലും ചൈനയിലും മലായിലും ഇന്തോനേഷ്യയിലും പടിഞ്ഞാറ് തുർക്കിയിലും യൂഗോസ്ലാവ്യയിലും സ്പെയിനിലും സന്മാർഗസന്ദേശം പ്രചരിപ്പിച്ചത്. പ്രബോധനത്തിന്റെ മൗലിക പ്രാധാന്യം വിസ്മരിച്ചതാണ് ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം സമൂഹം കേവലം പിന്നാക്ക പീഡിത സമുദായമായി പിന്തള്ളപ്പെടാൻ കാരണം. വീണ്ടെടുപ്പിന്റെ വഴി വാളിന്റേതും തോക്കിന്റേതും ബോംബിന്റേതും അല്ല; സഹിഷ്ണുതാപരവും സമാധാനപൂർണവും ഗുണകാംക്ഷാപരവുമായ പ്രബോധനത്തിന്റേതാണ്. പ്രബോധനം ഫലപ്രദമായി നടക്കണമെങ്കിലും സഫലമാവണമെങ്കിലും അതിനുത്തരവാദപ്പെട്ട മുസ്‌ലിം സമുദായം സ്വയം പഠിക്കാനും നന്നാവാനും ദൗത്യം തിരിച്ചറിയാനും സന്നദ്ധരാവണം. അതിനാൽ പൊതുസമൂഹത്തെ സത്യത്തിലേക്ക് ക്ഷണിക്കുന്നതോടൊപ്പം പാരമ്പര്യ മുസ്‌ലിംകളെ വിശ്വാസപരമായും ധാർമികമായും സംസ്കരിക്കേണ്ട ചുമതല കൂടി വന്നുകൂടുന്നു. ഇത് തുടക്കത്തിലേ ബോധ്യപ്പെട്ട പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതിനാൽ ഒരു ഘട്ടം വരെ മുസ്‌ലിം സമൂഹത്തെ പ്രബോധക വ്യൂഹമാക്കി മാറ്റാനുള്ള യത്നത്തിന് മുൻഗണന നൽകേണ്ടി വന്നു; അടുത്ത ഘട്ടത്തിൽ പ്രബോധനത്തിനും സംസ്കരണത്തിനും തുല്യ പ്രാധാന്യം നൽകി. അതിനാവശ്യമായ നയപരിപാടികൾ ആവിഷ്കരിച്ചു.

1941-ൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമി രൂപം കൊള്ളുമ്പോഴും ഹിന്ദുത്വവാദവും ഫാഷിസ്റ്റ് പ്രസ്ഥാനവും രാജ്യത്ത് സജീവമായിരുന്നു. ഹിന്ദുത്വ ദേശീയതയെ നിശിതമായി നിരൂപണം ചെയ്യുന്ന ഗ്രന്ഥവും സയ്യിദ് അബുൽ അഅ്ലാ മൗദൂദി എഴുതിയിരുന്നു. എന്നാൽ സായുധ പ്രതിരോധമോ മുസ്‌ലിം സാമുദായികതയോ ആണ് മറുമരുന്നെന്ന് ഒരിക്കലും അദ്ദേഹം അംഗീകരിച്ചില്ല. പകരം അല്ലാഹുവിന്റെ സന്മാർഗത്തിലേക്ക് അവന്റെ അടിമകളെ സമാധാനപരമായി ക്ഷണിക്കുകയാണ് അദ്ദേഹം സമർപ്പിച്ച ബദൽ. *മുസൽമാൻ ഔർ മൗജൂദ സിയാസി കശ്മകശ്* എന്ന ഗ്രന്ഥത്തിന്റെ മൂന്ന് വാല്യങ്ങളുടെ ഉള്ളടക്കം അതാണ്. തദടിസ്ഥാനത്തിലാണ് ജമാഅത്തെ ഇസ്‌ലാമി രൂപം കൊണ്ടതും. വിഭജനകാലത്തെ അതിക്രൂര വർഗീയകലാപങ്ങൾക്കിടയിലും ജമാഅത്തിന്റെ ഇടപെടൽ സമാധാന പുനഃസ്ഥാപനത്തിന്റേതും പുനരധിവാസത്തിന്റേതും ആയിരുന്നു. വർഗീയ കലാപം കൊടുമ്പിരിക്കൊള്ളുമ്പോൾ സിക്ക്-ഹിന്ദു ഭൂരിപക്ഷ പ്രദേശമായ പഠാൻകോട്ടിലെ *ദാറുൽ ഇസ്‌ലാമി*ലായിരുന്നു മൗദൂദിയും സഹപ്രവർത്തകരും. നിലനിൽപ് തീർത്തും അപകടത്തിലാണെന്ന് സുരക്ഷാ സേന മുന്നറിയിപ്പ് നൽകിയപ്പോൾ പോലും അമുസ്‌ലിം സഹോദരങ്ങളെ വിളിച്ചുചേർത്ത് അവരെ ദൈവിക സമാധാനപാതയിലേക്ക് ക്ഷണിക്കുകയായിരുന്നു അദ്ദേഹമെന്നതിന് പ്രത്യക്ഷ സാക്ഷ്യമാണ് 'നിർമാണവും സംഹാരവും' എന്ന പുസ്തകം.

സ്വതന്ത്ര ഇന്ത്യയിൽ നീണ്ടകാലം മുസ്‌ലിം സമുദായത്തിന്റെ സംസ്കരണത്തിലും പ്രശ്നപരിഹാരത്തിലും ശ്രദ്ധയൂന്നേണ്ട സാഹചര്യമാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന് നേരിടേണ്ടിവന്നത്. എന്നാൽ പിന്നിട്ട രണ്ടു പതിറ്റാണ്ട് കാലമായി പ്രബോധനരംഗത്ത് ശക്തവും സജീവവുമായ ഊന്നൽ നൽകുന്നുണ്ട്. ഇസ്‌ലാമിനെ സമ്പൂർണ ജീവിതദർശനമായി ഇന്ത്യൻ ഭാഷകളിൽ അവതരിപ്പിക്കുക, അതിനെക്കുറിച്ച സംശയങ്ങളും തെറ്റിദ്ധാരണകളും ദൂരീകരിക്കുക, ബഹുസ്വര സമൂഹത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് സംവാദങ്ങൾ സംഘടിപ്പിക്കുക, മാനവിക പ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കുന്ന വേദികളും അവസരങ്ങളും പ്രയോജനപ്പെടുത്തുക, ജനസേവന സംരംഭങ്ങളിലൂടെ വ്യക്തിബന്ധങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങി ഒട്ടേറെ തലങ്ങൾ ഉൾക്കൊള്ളുന്നതാണ് ജമാഅത്തിന്റെ പോളിസി-പ്രോഗ്രാം. പ്രബോധനം ലക്ഷ്യം നേടണമെങ്കിൽ ഒന്നാമതായി വേണ്ടത് പരസ്പരം ശ്രദ്ധിക്കാനും പൊറുപ്പിക്കാനും സഹായകമായ സൗഹൃദാന്തരീക്ഷമാണ്. അതിനുതകുന്നവയാണ് എഫ്.ഡി.സി.എ, ധാർമിക് മോർച്ച പോലുള്ള പൊതുവേദികൾ. തൗഹീദും രിസാലത്തും ആഖിറത്തും കേന്ദ്ര വിഷയങ്ങളാക്കിയുള്ള ദേശീയതല കാമ്പയിനുകളാണ് മറ്റൊരു പരിപാടി. വിശുദ്ധ ഖുർആൻ വിവർത്തനങ്ങളാകട്ടെ ഏതാണ്ടെല്ലാ പ്രാദേശിക ഭാഷകളിലും പുറത്തിറക്കിയിരിക്കുന്നു. പുസ്തകോത്സവങ്ങളിലൂടെയും അല്ലാതെയും അനേകായിരം അമുസ്‌ലിംകളിലേക്ക് അവ എത്തിയിട്ടുണ്ട്. എന്നാൽ ഹിദായത്ത് അല്ലാഹു സ്വയം ഏറ്റെടുത്തതാണ്. 'താങ്കൾക്കിഷ്ടപ്പെട്ടവനെ സന്മാർഗത്തിലാക്കാൻ താങ്കൾക്കാവില്ല, പ്രത്യുത അല്ലാഹു ഉദ്ദേശിക്കുന്നവരെ സന്മാർഗത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നത്' എന്ന ഖുർആൻ വചനമാണ് ഇവ്വിഷയത്തിലെ മർമം. അത് മനസ്സിലാക്കാതെ മതപരിവർത്തന കേന്ദ്രങ്ങളിലെ ഗ്രാഫ് തെരയാൻ പോവുന്നത് പോഴത്തമാണ്. നിലവിലെ സാഹചര്യങ്ങളിൽ പട്ടിക പ്രസിദ്ധീകരിക്കുന്നത് ശുദ്ധ മണ്ടത്തരവും. തമിഴ്നാട്ടിലെ മീനാക്ഷിപുരം റഹ്മത്ത് നഗറായതിന്റെ പുകില് കൊണ്ടാടിയതിന്റെ ശിക്ഷ ഇന്നും ആ പ്രദേശം അനുഭവിക്കുന്നു. പരിവർത്തിതരുടെ പട്ടികയും ചോദിച്ച് ഹിറാ സെന്ററിൽ ഐ.ഒ.എസിന്റെ വേഷമണിഞ്ഞെത്തിയ സായുധ ജിഹാദിസ്റ്റുകൾക്ക് നിരാശപ്പെട്ട് മടങ്ങേണ്ടിവന്നത് സ്വാഭാവികമാണ്. കള്ളി പൊളിയുമെന്ന ആശങ്കയല്ല, ചോദിച്ചുവരുന്നവരുടെ കള്ളി അറിയാവുന്നതാണ് തടസ്സമായത്. മുസ്‌ലിം സംഘടനകളുടെയാകെ ഉള്ളുകള്ളികൾ കണ്ടെത്താൻ നടക്കുന്നവർ അടിമുടി നിഗൂഢതയുടെയും ദുരൂഹതയുടെയും പുറംതോടിനകത്താണ് നിലയുറപ്പിച്ചിരിക്കുന്നതെന്ന വൈരുധ്യം അവർ മനഃപൂർവം മറക്കുന്നു. പ്രബോധനം കൈവിട്ട് ഖഡ്ഗ ജിഹാദുമായി ഇറങ്ങിയവർ ഇതേവരെ നടത്തിയ ഓപറേഷനുകൾ എത്ര, ഇരകളായവർ എത്ര, ശുഹദാക്കൾ ആരെല്ലാം, കേസ് നടത്താനും ഒതുക്കാനും ചെലവിടുന്ന പണം എത്ര, എവിടന്ന് എന്നിത്യാദി കാര്യങ്ങൾ പുറത്തുവിട്ടാൽ സുതാര്യതക്കത് മാതൃകയായേനെ. ഉടലോടെ സ്വർഗാരോഹണം സുനിശ്ചിതമായ മഹത് കൃത്യമായതിനാൽ ഭീരുത്വത്തിന്റെ പ്രശ്നവും ഇല്ല! ഇസ്‌ലാമിക പ്രസ്ഥാനം ഏതായാലും ആത്മഹത്യക്കില്ല, പ്രബോധനവുമായി മുന്നോട്ടു പോകട്ടെ. ■